# NATIONAL TEACHERS UNION (NTU)
# ദേശീയ അധ്യാപക പരിഷത്ത്

## CM KIDS SCHOLARSHIP 2026
## UP

### PAPER I (PART-I)
### കേരളപാഠാവലി

1. 'എത്ര വാഴ്ത്തിയാലും മതിയാവാത്ത വിസ്മയ ദൃശ്യമാണ്' - ഏത് ദൃശ്യത്തെ കുറിച്ചാണ് ഇങ്ങനെ പറയുന്നത്?
   A. മലനിരകളെ   B. തേൻ നുകർന്ന ചിത്രശലഭത്തെ
   C. പൂത്തുലഞ്ഞ നീലക്കുറിഞ്ഞിയെ   D. നീലക്കടലിനെ
2. താഴെ നൽകിയവയിൽ ശരിയായ പദം ഏത്?
   A. ഉദയാസ്ഥമയം   B. ഉദയാസ്തമയം
   C. ഉദയാസ്ദമയം   D. ഉദയാസ്ത്തമയം
3. 'ചക്രവാളത്തിൽ മുട്ടിച്ചൊരു കോട്ട പോലെ' എന്ന് കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നത് എന്തിനെയാണ്?
   A. കുന്ന്   B. പുഴ
   C. സൂര്യൻ   D. കടൽ
4. 'ചൈത്രമാസം' എന്നറിയപ്പെടുന്ന മലയാള മാസം ഏത്?
   A. ഇടവം   B. ധനു
   C. മേടം   D. ചിങ്ങം
5. താഴെ നൽകിയവയിൽ ചിത്രശലഭത്തിന്റെ പര്യായമല്ലാത്തത് ഏത്?
   A. പുഷ്പപതംഗം   B. പതയം
   C. ശലഭം   D. പത്രിക
6. താഴെ നൽകിയവയിൽ തെറ്റായ ജോഡി ഏത്?
   A. ഓറഞ്ച് കുട്ടി - ലളിതാംബിക അന്തർജനം
   B. വനപർവ്വം - ജി. കുമാരപിള്ള
   C. അഗ്നിശലഭങ്ങൾ - ഒ.എൻ.വി
   D. മനസാസ്മരാമി - സുകുമാർ അഴീക്കോട്
7. 'ഇലയിട്ടു ചവിട്ടുക' എന്ന ശൈലിയുടെ അർത്ഥം എന്ത്?
   A. ആശ്രിതനായി കഴിയുക   B. അറിഞ്ഞുകൊണ്ട് തെറ്റ് ചെയ്യുക
   C. നന്ദി കാണിക്കുക   D. ദേഷ്യപ്പെടുക
8. താഴെപ്പറയുന്നവയിൽ ആഗമ സന്ധി ഏതാണ്?
   A. ആന +കുട്ടി = ആനക്കുട്ടി   B. മുളക്+ ഇല്ല = മുളകില്ല
   C. വഴി + ഇൽ = വഴിയിൽ   D. നെൽ+ മണി= നെന്മണി
9. താഴെപ്പറയുന്നവയിൽ പ്രയോജക ക്രിയയ്ക്ക് ഉദാഹരണം കണ്ടെത്തുക?
   A. പറക്കുന്നു   B. ഇറക്കുന്നു
   C. ഓടുന്നു   D. നീന്തുന്നു
10. 'തളരാതെ ഒഴുക്കിനെതിരെ നീന്തി വരൂ കുഞ്ഞേ' - ഒഴുക്കിനനുസരിച്ച് നീന്താൻ എല്ലാ അമ്മമാരും പറയുമ്പോൾ മീനമ്മയുടെ ഈ വാക്കുകൾ വ്യത്യസ്തമാകുന്നതെങ്ങനെ?
    A. തളർച്ച വരരുത് എന്ന് പറയുന്നു
    B. ഒഴുക്ക് ശ്രദ്ധിക്കണമെന്ന് ഉപദേശം നൽകുന്നു
    C. ക്ഷീണം വരാതെ സൂക്ഷിക്കണം എന്ന് ഉപദേശിക്കുന്നു
    D. മീനമ്മ മകന് ധൈര്യം കൊടുത്ത് പിന്തുണയാകുന്നു
11. അലി , സാറ എന്നീ കുട്ടികളിലെ നന്മ ഏറ്റവും പ്രകടമാകുന്ന സന്ദർഭം ഏതാണ്?
    A. സ്വന്തം ജീവിതം കണ്ണീരായാലും മറ്റുള്ളവരുടെ കണ്ണീരൊപ്പാൻ തയ്യാറാകുന്നു
    B. പിതാവിനെ സങ്കടപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല
    C. ഷൂ നഷ്ടമായ വിവരം വീട്ടിൽ അറിയിക്കുന്നില്ല
    D. ഇതൊന്നുമല്ല
12. മലയാള സിനിമയിൽ നിന്നും ആദ്യമായി ദാദാസാഹിബ് ഫാൽക്കേ പുരസ്കാരം നേടിയ വ്യക്തി ആര്?
    A. മോഹൻലാൽ   B. കെജി ജോർജ്
    C. മമ്മൂട്ടി   D. അടൂർ ഗോപാലകൃഷ്ണൻ
13. 'കിളി അയാളെ നോക്കി കിളിയുടെ ഭാഷ അയാൾക്ക് മനസ്സിലായി' കിളിയുടെ ഭാഷ എന്തായിരിക്കും?
    A. ചിറകടി   B. കൂജനം
    C. ചിലയ്ക്കൽ   D. നിശബ്ദത
14. 'കിളി അയാളോട് സംസാരിക്കുന്നു'- എന്ന കഥ ഏതു പുസ്തകത്തിൽ നിന്നുള്ളതാണ്?
    A. ഈസോപ്പ് കഥകൾ   B. ഇരട്ട മിഠായികൾ
    C. ജാതക കഥകൾ   D. പഞ്ചതന്ത്രം
15. 'ഒരു വ്യാഴവട്ടം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
    A. 12 വർഷം   B. 14 വർഷം
    C. 15 വർഷം   D. 16 വർഷം

NTU KERALA 2026